**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1290** **07-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞപ്രകാരമുള്ള കെട്ടിടങ്ങളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം നിയോജക മണ്ഡലത്തിലെ നിലവിൽ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് കെട്ടിട നിർമാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ളത്; അവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ അഞ്ച് കോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെ അനുവദിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ അഞ്ചു കോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെയാണ് കിഫ്ബി അനുവദിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ മലപ്പുറം നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 5 കോടി രൂപ കിഫ്ബി പദ്ധതി 5 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട മലപ്പുറം ജി.ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയാക്കി വരുന്നു. 76%ത്തോളം പൂർത്തിയാക്കിയിട്ടുണ്ട്. 3 കോടി രൂപ കിഫ്ബി പദ്ധതി 3 കോടിരൂപ കിഫ്ബി പദ്ധതി ജി.എച്ച്.എസ്.എസ്, പൂക്കോട്ടൂർ, എം.എസ്.പി. എച്ച്.എസ്.എസ്, മലപ്പുറം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ജി.എം.യു.പി.എസ്,ഒഴുക്കൂർ, ജി.ബി.എച്ച്.എസ്, മലപ്പുറം, ജി.വി.എച്ച്.എസ്.എസ്,അരിമ്പ്ര, ജി.എച്ച്.എസ്,ഇരുമ്പുഴി, ജി.വി.എച്ച്.എസ്.എസ്,പുല്ലാനൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു.എസ്.പി.വി ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഒരു കോടി രൂപ കിഫ്ബി പദ്ധതി ഒരു കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എം.യു.പി.എസ്.അരിമ്പ്ര – ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. KMBR Violation ഉള്ളതിനാൽ ഇളവിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ജി.എം.യു.പി.എസ്.ഇരുമ്പുഴി - ഡി.പി.ആർ |

| | | | |
|---|---|---|---|
| | | | കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടി സ്വീകരിച്ചു. ജി.എം.യു.പി.എസ് മേൽമുറി, ജി.എം.യു.പി.എസ് ചെമ്മൻകടവ് എന്നീ സ്കൂളുകൾക്ക് സ്ഥലപരിമിതി ഉള്ളതിനാൽ പരഗണിക്കാൻ സാധിച്ചിട്ടില്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുള്ള മലപ്പുറം നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ പ്രവർത്തികളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ താഴെ പറയുന്നു. വർഷം സ്കൂളിന്റെ പേര് അനുവദിച്ച തുക ഏജൻസി നിലവിലെ സ്ഥിതി 2017-18 GMUP ഒഴുകൂർ 100 ലക്ഷം LSGD പ്രവൃത്തി പൂർത്തീകരിച്ചു 2018-19 GLPSമൊറയൂർ 125 ലക്ഷം PWD പ്രവൃത്തി പൂർത്തീകരിച്ചു 2018-19 GBHSS മലപ്പുറം 160ലക്ഷം PWD പ്രവൃത്തി 60% പൂർത്തീകരിച്ചു 2018-19 GLPSഇരുമ്പുഴി 40 ലക്ഷം LSGD പ്രവൃത്തി പൂർത്തീകരിച്ചു 2019-20 GLPSപൂക്കോട്ടൂർ 90 ലക്ഷം PWD പ്രവൃത്തി 80% പൂർത്തീകരിച്ചു |
| (ബി) | ഒരു മണ്ഡലത്തിൽ ഒരു ഇന്റർനാഷണൽ സ്കൂൾ എന്ന പദ്ധതി പ്രകാരം നിർദേശിച്ച മലപ്പുറം ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ പ്രവൃത്തികൾ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മൂലമുണ്ടായ തടസ്സങ്ങൾ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം വരുത്തിയിട്ടുണ്ട്. |
| (സി) | പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; എത്രയും വേഗം പൂർത്തീകരിക്കുവാൻ നിർദേശം നൽകുമോ? | (സി) | ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ മലപ്പുറത്തിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ എത്രയും പെട്ടെന്ന് നിർമ്മാണം പൂർത്തിയാക്കി സ്കൂൾ കൈമാറാനുള്ള നിർദേശം കോൺട്രാക്ടർമാർക്ക് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഡിസംബർ മാസത്തിൽ പൂർത്തീകരിച്ച് കൈമാറാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ